LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

227 (916) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാത്ത നിർമ്മാണ ജോലികൾ എന്തൊക്കെയാണ് ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതിയും എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ് - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിന്റെ കീഴിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

തിരുവനന്തപുരം നഗരപരിധിയിലെ കളങ്ങളുടെയും കനാലുകളുടെയും സംരക്ഷണം

228 (917) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പും ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനോടകം ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.